## പ്രധാനവാർത്തകൾ

1. ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജിയുടെ പ്രവർത്തനം രാജ്യത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും പ്രചോദനം പകരുന്നതായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ.

2. സംസ്ഥാനത്ത് തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൻറെ ഭാഗമായി വീടുകൾ സന്ദർശിച്ചുള്ള എന്യൂമറേഷൻ ഫോം വിതരണം ആരംഭിച്ചു.

3. കേരളത്തിൽ ഫിഷറീസ് രംഗത്ത് വലിയ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ.

4. കിഫ്ബി രജത ജൂബിലി ആഘോഷം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

5. 28,300 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിൻറെ സംസ്ഥാനതല വിതരണോദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത്.

6. ഇന്ത്യൻ വനിതാ ലീഗ് ഫുട്ബോൾ മത്സരങ്ങൾ രണ്ട് ഘട്ടങ്ങളിലായി നടത്തുമെന്ന് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ.

&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി (ഇൻട്രോ)

2047 ഓടെ ഇന്ത്യയെ വികസിത രാജ്യമാക്കുന്നതിൽ ശ്രീ ചിത്ര പോലെയുള്ള സ്ഥാപനങ്ങൾ പ്രധാന പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ. തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻറ് ടെക്നോളജിയിൽ നടക്കുന്ന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു ഉപരാഷ്ട്രപതി. രാജ്യത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും ശ്രീചിത്ര പ്രചോദനം പകരുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

സ്വയം പര്യാപ്തതയിലൂന്നി ജനക്ഷേമത്തിനായി നിരന്തരം പ്രവർത്തിക്കുന്ന സ്ഥാപനമാണ് ശ്രീ ചിത്ര ഇൻസ്റ്റിട്യൂട്ട് എന്ന് ചടങ്ങിൽ പങ്കെടുത്തു കൊണ്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പറഞ്ഞു. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി, മന്ത്രി കെ എൻ ബാലഗോപാൽ എന്നിവരും ചടങ്ങിൽ പങ്കെടുക്കുത്തു. ശ്രീചിത്ര ഇൻസ്റ്റിട്യൂട്ട് വികസിപ്പിച്ച സാങ്കേതിക വിദ്യകളുടെയും, മെഡിക്കൽ രംഗത്തെ ഗവേഷണ പുരോഗതികളുടെയും പ്രദർശനം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്തു. ശ്രീചിത്രയിലെ ടൈമെഡ് ഇൻക്യുബേഷൻ സെന്ററിൽ വികസിപ്പിച്ച ബയോമെഡിക്കൽ ഉപകരണങ്ങൾ, സ്റ്റാർട്ട് അപ് സംരംഭങ്ങൾ എന്നിവ പ്രദർശനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്നലെ കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും ഉപരാഷ്ട്രപതി നിർവഹിച്ചു. ഇന്ത്യൻ കയർ കയറ്റുമതി ഫെഡറേഷൻ പ്രതിനിധികളുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## ഉപരാഷ്ട്രപതി ഗതാഗത നിയന്ത്രണം

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് തലസ്ഥാന നഗരിയിൽ സുരക്ഷ ശക്തമാക്കി. രാവിലെ എട്ട് മുതൽ ആരംഭിച്ച ഗതാഗത നിയന്ത്രണം വൈകുന്നേരം 5.30 വരെ തുടരും. ശംഖുംമുഖം-വലിയതുറ-പൊന്നറ-കല്ലുംമൂട്-ഈഞ്ചയ്ക്കൽ-അനന്തപുരി ആശുപത്രി-മിത്രാനന്ദപുരം-എസ്പി ഫോർട്ട്-ശ്രീകണ്ഠേശ്വരം പാർക്ക്-തകരപ്പറമ്പ് മേൽപ്പാലം-ചൂരക്കാട്ടുപാളയം-തമ്പാനൂർ ഫ്ലൈഓവർ-തൈയ്ക്കാട് - വഴുതയ്ക്കാട്-വെള്ളയമ്പലം-കവടിയാർ റോഡിലും കവടിയാർ-കുറവൻകോണം-മരപ്പാലം-പട്ടം-പൊട്ടക്കുഴി-മുറിഞ്ഞപാലം-കുമാരപുരം-മെഡിക്കൽ കോളേജ് ഫ്ലൈഓവർ-ശ്രീചിത്ര റോഡിലുമാണ് ഗതാഗത നിയന്ത്രണം. ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രധാന റോഡുകളിലും സമീപമുള്ള ഇടറോഡുകളിലും വാഹനങ്ങൾ പാർക്ക് ചെയ്യാൻ അനുവദിക്കില്ല. വിമാനത്താവള ത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും വരുന്ന യാത്രക്കാർ മുൻകൂട്ടി യാത്രകൾ ക്രമീകരിക്കണമെന്ന് നിർദേശം.

RNU TVPM

&&&&&&&&&&&&&&&&&&&&&&&&&&&&&&

## വോട്ടർപട്ടിക പരിഷ്കരണം

രണ്ടാംഘട്ട തീവ്ര വോട്ടർപട്ടിക പരിഷ്കരണം ആരംഭിച്ച് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷൻ. കേരളമുൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലും മൂന്ന് കേന്ദ്രഭരണ പ്രദേശങ്ങളുമാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്കരണവുമായി ബന്ധപ്പെട്ട് BLO മാർ വീടുകൾ സന്ദർശിച്ച് എന്യൂമറേഷൻ ഫോം വിതരണം ചെയ്യുന്ന നടപടി ഇന്ന് ആരംഭിച്ചു. അടുത്ത മാസം 4 ന് മുൻപ് പൂരിപ്പിച്ച ഫോമുകൾ തിരികെ നൽകണം. ഡിസംബർ 9 ന് കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കും. കരട് പട്ടിക സംബന്ധിച്ച

പരാതികൾ 2026 ജനുവരി 8 ന് മുൻപ് സമർപ്പിക്കണം. അന്തിമ വോട്ടർ പട്ടിക ഫെബ്രുവരി 7 ന് പ്രസിദ്ധീകരിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## വോട്ടർപട്ടിക (ഇൻട്രോ)

സംസ്ഥാനത്ത് തദ്ദേശ തെരഞ്ഞെടുപ്പിനായുള്ള വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ ഇന്നും നാളെയും അവസരം ലഭിക്കും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ **സ്മിതി എം പള്ളുരുത്തി.** (വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ജോർജ് കുര്യൻ

കേരളത്തിൽ ഫിഷറീസ് രംഗത്ത് വലിയ വികസന പ്രവർത്തനങ്ങൾ നടക്കുന്നതായി കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ. കോഴിക്കോട് കോർപ്പറേഷൻ ന്യൂ സെൻട്രൽ മാർക്കറ്റിൻ്റെ ശിലാസ്ഥാപനം ഓൺലൈനായി നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. ഹാർബറുകളുടേയും ഫിഷ് ലാൻ്റിംഗ് സെൻ്ററുകളുടേയും മാർക്കറ്റുകളുടേയും വികസനത്തിൽ കേരളം മുന്നിലെന്നും അദ്ദേഹം പറഞ്ഞു. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തോടൊപ്പം അടിസ്ഥാനസൗകര്യ വികസനമാണ് സർക്കാരിൻറെ മുൻഗണനയെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ചു കൊണ്ട് മന്ത്രി സജി ചെറിയാൻ പറഞ്ഞു. 1 ലക്ഷത്തി 23,274 ചതുരശ്ര അടി വിസ്തീർണത്തിൽ മൂന്നു നിലകളിലായാണ് മാർക്കറ്റ് നിർമിക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## കിഫ്ബി രജതജൂബിലി

കിഫ്ബിയുടെ രജത ജൂബിലി ആഘോഷം ഇന്ന് വൈകിട്ട് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കിഫ്ബി സ്മരണികയും മലയാളം മാസികയും ബോട്ട് സോഫ്റ്റ് വെയറും മുഖ്യമന്ത്രി പ്രകാശനം ചെയ്യും. മികച്ച പ്രവർത്തനം കാഴ്ചവച്ച പദ്ധതി നിർവഹണ ഏജൻസികൾ, കരാറുകാർ, മത്സര വിജയികൾ തുടങ്ങിയവർക്കുള്ള പുരസ്കാരങ്ങളും വിതരണം ചെയ്യും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## മുൻഗണനാ റേഷൻ കാർഡ് വിതരണം

RNU TVPM

28,300 കുടുംബങ്ങൾക്ക് മുൻഗണനാ റേഷൻ കാർഡുകൾ അനുവദിക്കുന്നതിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം ഇന്ന് മന്ത്രി ജി ആർ അനിൽ തിരുവനന്തപുരത്ത് നിർവഹിക്കും. വൈകുന്നേരം തിരുവനന്തപുരം പ്രസ്സ് ക്ലബ് കോൺഫറൻസ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## സജി ചെറിയാൻ

കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ പ്രഖ്യാപിച്ച ചലച്ചിത്ര പുരസ്കാരങ്ങൾ സംബന്ധിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ലെന്ന് മന്ത്രി സജി ചെറിയാൻ. കുട്ടികളുടെ ചിത്രത്തിന് ഇത്തവണ പരിഗണന നൽകിയിരുന്നു. രണ്ട് സിനിമകൾ അവസാനഘട്ടത്തിലെത്തിയിരുന്നെങ്കിലും അവാർഡ് നൽകാൻ പാകത്തിലേക്ക് അവ എത്തിയില്ലെന്നാണ് ജൂറി വിലയിരുത്തിയതെന്നും മന്ത്രി പറഞ്ഞു. അടുത്ത വർഷം

കുട്ടികൾക്ക് അവാർഡ് ഉണ്ടാകുമെന്നും ശ്രീ.സജി ചെറിയാൻ അറിയിച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## തിങ്ക് 2025

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി സംഘടിപ്പിക്കുന്ന ദേശീയ മെഗാ ക്വിസ് മത്സരമായ തിങ്ക് 2025 ഇന്നും നാളെയും നാവിക അക്കാദമിയിൽ നടക്കും. മഹാ സാഗർ എന്ന പേരിലാണ് മത്സരം. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തിയ ക്വിസ് മത്സരത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇന്നത്തെ സെമിഫൈനൽ മത്സരത്തിൽ പങ്കെടുക്കുക. ഫൈനൽ നാളെ നടക്കും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## റിഥം പദ്ധതി ( ഇൻട്രോ)

കൗമാരക്കാർക്ക് വഴി കാട്ടാൻ കാസർഗോഡ് ജില്ലയിൽ റിഥം പദ്ധതി വരുന്നു. വിദ്യാർത്ഥികൾക്കായി സമഗ്ര ആരോഗ്യ വ്യക്തിത്വ വികസനമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

കൂടുതൽ വിവരങ്ങളുമായി കാസർഗോഡ് ജില്ലാ പ്രതിനിധി **പി.ജഗന്നിവാസൻ...**

( വോയിസ്)

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ആഗോള മറൈൻ സിമ്പോസിയം

നാലാമത് ആഗോള മറൈൻ സിമ്പോസിയം, മീകോസിന് കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിൽ തുടക്കമായി. സമുദ്ര ആവാസവ്യവസ്ഥ,

മത്സ്യബന്ധനം, അക്വാകൾച്ചർ എന്നീ രംഗങ്ങളിൽ നേരിടുന്ന വെല്ലുവിളികൾ ചർച്ചയാകും.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## പദയാത്ര - പാലക്കാട്

സർദാർ@150 ഏകതാ പദയാത്രയുടെ ഭാഗമായി പാലക്കാട് ലോകസഭാ മണ്ഡലത്തിലും പദയാത്ര സംഘടിപ്പിച്ചു. പാലക്കാട് കോട്ട മൈതാനത്ത് നിന്ന് ആരംഭിച്ച യാത്ര വി.കെ.ശ്രീകണ്ഠൻ എം.പി ഫ്ലാഗ് ഓഫ് ചെയ്തു.

എൻ.എസ്.എസ്, എൻ.സി.സി വിദ്യാർത്ഥികളും യുവജന ക്ലബ്ബ് പ്രതിനിധികളും അണിചേർന്നു.

&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM

## വനിതാ ലീഗ് ഫുട്ബോൾ

ഇന്ത്യൻ വനിതാ ലീഗ് ഫുഡ്ബോൾ മത്സരങ്ങൾ രണ്ട് ഘട്ടങ്ങളിലായി നടത്തുമെന്ന് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ. ആദ്യ ഘട്ടം ഡിസംബർ 20 മുതൽ 2026 ജനുവരി 6 വരെയും, രണ്ടാം ഘട്ടം 2026 ഏപ്രിൽ 20 മുതൽ മേയ് 10 വരെയുമാണ് ക്രമീകരിച്ചിരിക്കുക.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ചെസ്

ഫിഡെ വേൾഡ് കപ്പിന്റെ രണ്ടാം റൗണ്ടിൽ പ്രവേശിച്ച് ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർമാരായ നാരായണൻ എസ്.എൽ., ദീപ്തായൻ ഘോഷ് എന്നിവർ. റൗണ്ട് 1 ടൈബ്രേക്കിന്റെ രണ്ടാം ഘട്ടത്തിൽ ഇന്ത്യയുടെ അരോണ്യക് ഘോഷ് വിജയം നേടി. 82 രാജ്യങ്ങളിൽ നിന്നുള്ള 206 കളിക്കാരാണ് പങ്കെടുക്കുന്നത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ജി.എസ്.ടി പരിഷ്കരണം

ആരോഗ്യ മേഖലയിലെ ജി.എസ്.ടി ഭരണ പരിഷാകാരങ്ങൾ രാജ്യത്തെ പൗരന്മാർക്ക് ഏറെ ഗുണം ചെയ്യുന്നതായി കേന്ദ്ര സർക്കാർ. 33 ജീവൻ രക്ഷാ മരുന്നുകളുടെ നികുതി ഒഴിവാക്കി. അവശ്യ മരുന്നുകളുടെ ജി.എസ്.ടി 12 ശതമാനത്തിൽ നിന്നും അഞ്ച് ശതമാനമായി കുറച്ചു. വിവിധ മെഡിക്കൽ ഉപരണങ്ങളുടെ ജി.എസ്.ടിയും അഞ്ച് ശതമാനമായി കുറച്ചു.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ഓഹരി സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 239 പോയിന്റ് താഴ്ന്ന് 83,739 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 85 പോയിന്റ് നഷ്ടത്തിൽ 25,679 ലും വ്യാപാരം തുടരുന്നു.

സ്വർണവില കുറഞ്ഞു. സ്വർണം ഗ്രാമിന് 65 രൂപ കുറഞ്ഞ് 11,225 രൂപയും, പവന് 520 രൂപ കുറഞ്ഞ് 89,800 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

&&&&&&&&&&&&&&&&&&&&&&&&&&&&&&

## പോലീസ് കസ്റ്റഡി- രക്ഷപ്പെട്ടു

വിയ്യൂർ സെൻട്രൽ ജയിലിലെ തടവുകാരൻ രക്ഷപ്പെട്ടു. ബാലമുരുകൻ എന്ന തടവുകാരനാണ് തമിഴ്നാട് പോലീസിൻറെ കസ്റ്റഡിയിൽ നിന്നും രക്ഷപ്പെട്ടത്. തമിഴ്നാട് വിരുതനഗർ കോടതിയിൽ നിന്നുള്ള നടപടികൾ പൂർത്തിയാക്കിയ ശേഷം തിരിച്ച് വിയ്യൂരിലേക്ക് കൊണ്ടുവരുന്നതിനിടെയാണ്

രക്ഷപ്പെട്ടത്. കവർച്ച, കൊലപാതക ശ്രമം ഉൾപ്പെടെ 53 കേസുകളിൽ പ്രതിയാണ്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ജലവൈദ്യുത പദ്ധതി

പാലക്കാട് ജില്ലാ പഞ്ചായത്തിലെ പാലക്കുഴി മിനി ജലവൈദ്യുത പദ്ധതി മന്ത്രി കെ കൃഷ്ണൻകുട്ടി നാടിന് സമർപ്പിച്ചു. ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തം നിലയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്ന രാജ്യത്തെ രണ്ടാമത്തെ ജലവൈദ്യുത പദ്ധതിയാണ് പാലക്കുഴിയിലേത് എന്ന് മന്ത്രി പറഞ്ഞു. 15.9 കോടി രൂപ ചെലവിലാണ് പദ്ധതി പൂർത്തീകരിച്ചത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ശബരിമല ഇടത്താവളം

ശബരിമല തീർത്ഥാടകർക്കുവേണ്ടി വയനാട് മണിയൻങ്കോട് ക്ഷേത്രത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർമ്മിച്ച ഇടത്താവളം ഇന്ന് മന്ത്രി ഒ.ആർ കേളു ഉദ്ഘാടനം ചെയ്യും. രണ്ട് നിലകളിലായി വിരി ബ്ലോക്ക്, അന്നദാനം മണ്ഡപം എന്നിവയാണ് ഇടത്താവളത്തിൽ പൂർത്തിയാക്കിയത്. അഞ്ഞൂറോളം തീർത്ഥാടകർക്ക് വിശ്രമിക്കാനും ഒരേസമയം 250 പേർക്ക് ഭക്ഷണം കഴിക്കാനുള്ള സജ്ജീകരണങ്ങൾ ഇവിടെയുണ്ട്. അഞ്ഞൂറ് വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ക്ഷേത്ര പരിസരത്ത് സജ്ജമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

## ഭക്ഷ്യസുരക്ഷാ ലാബ്

അത്യാധുനിക സൗകര്യത്തോടെയുള്ള പത്തനംതിട്ട ജില്ല ഭക്ഷ്യസുരക്ഷാ ലാബിന്റെ ഉദ്ഘാടനം മന്ത്രി വീണാ

RNI TVPM

ജോർജ് ഇന്ന് നിർവഹിക്കും. മൂന്നു നിലകളിലായാണ് ലാബ് ആധുനികവത്ക്കരിച്ചിട്ടുള്ളത്.

&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

RNU TVPM